പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 400 18.10. 2011-ൽ മറുപടിക്കുള്ളത്

**തോട്ടങ്ങളുടെ അഞ്ചു ശതമാനം ഭൂമി ടൂറിസം ആവശ്യങ്ങൾക്ക് മാറ്റാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |
| ശ്രീ.രാജു എബ്രഹാം | (റവന്യൂ വകുപ്പ് മന്ത്രി) |
| ശ്രീ.സാജു പോൾ | |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ തോട്ടങ്ങളുടെ അഞ്ചു ശതമാനം ഭൂമി ടൂറിസം ആവശ്യങ്ങൾക്കും മറ്റുമായി തരം മാറ്റാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച നയം വിശദമാക്കാമോ; | (എ) | 2004-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 82-ാം വകുപ്പു പ്രകാരം നിശ്ചയിച്ച ഭൂപരിധിയിൽ കവിഞ്ഞുള്ള ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ചുള്ള ഒഴിവാക്കലുകളിൽ കശുമാവിൻ തോട്ടങ്ങളെക്കൂടി ഉൾപ്പെടുത്തിയിരുന്നു. അപ്രകാരം ഒഴിവാക്കിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥന് പ്രസ്തുത ഭൂമിയുടെ 5%-ത്തിൽ കവിയാത്ത ഭൂമി ഉദ്യാനകൃഷി, വാനില കൃഷി, ഔഷധസസ്യകൃഷി മറ്റു കാർഷിക വിള വിനോദ സഞ്ചാര പദ്ധതിയിൽപ്പെടുത്തി റിസോട്ടുകൾ എന്നിവ നിർമ്മിക്കാൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എത്ര തോട്ടം ഉടമകളിൽ നിന്ന് ഇതിനകം ഈ ആവശ്യത്തിലേയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ഈ ആവശ്യത്തിലേയ്ക്ക് ഇതിനകം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്ത് തോട്ടം എന്ന നിലയിൽ പരിഗണിക്കുന്ന എത്ര ഏക്കർ ഭൂമി ഉണ്ട്? | (സി) | സംസ്ഥാനത്ത് തോട്ടം എന്ന നിലയിൽ പരിഗണിക്കുന്ന 4,88,138.80.987 ഏക്കർ ഭൂമി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ